**15 –ാം കേരള നിയമസഭ**

**13 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5147** **21-03-2025 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **സഹകരണ ബാങ്കുകൾ/ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകരെ സഹായി-ക്കുന്നതിനായി 2006ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്ട് (2007ലെ ആക്ട് (1)) പ്രകാരം രൂപീകൃതമായ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപന-ങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡു പ്രകാരം സർക്കാരിലേയ്ക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയും ചെയ്യുന്നു. ഇതിനായി കമ്മീഷനിൽ മതിയായ രേഖകളോടുകൂടി ലഭിക്കുന്ന അപേക്ഷകൾ വിവിധ ജില്ലകളിൽ വച്ച് നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും സഹകരണ സ്ഥാപനങ്ങൾ/ ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് പരമാവധി 2,00,000/- രൂപ വരെ കടാശ്വാസം അനുവദിക്കുന്ന-തിനായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തു വരുന്നു.**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട്, ഇടുക്കി ജില്ല-കളിലെ കർഷകർ 31.08.2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർ 31.03.2016 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. കടാശ്വാസ-ത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന തീയതി 31.12.2023 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ വയനാട്, ഇടുക്കി ജില്ലകൾ ഒഴികെയുള്ള ജില്ലകളിലെ അപേക്ഷകളെല്ലാം വിചാരണ നടത്തി തീർപ്പ് കല്പിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത കമ്മീഷൻ മുഖാന്തരം നൽകി വരുന്നത്; വിശദമാക്കാമോ? | (ബി) | **സഹകരണ ബാങ്കുകൾ/ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകരെ സഹായി-** |

| | | | |
|---|---|---|---|
| | | | **ക്കുന്നതിനായി 2006ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് (2007ലെ ആക്റ്റ് (1)) പ്രകാരം രൂപീകൃതമായ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപന-ങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡു പ്രകാരം സർക്കാരിലേയ്ക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയും ചെയ്യുന്നു. ഇതിനായി കമ്മീഷനിൽ മതിയായ രേഖകളോടുകൂടി ലഭിക്കുന്ന അപേക്ഷകൾ വിവിധ ജില്ലകളിൽ വച്ച് നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും സഹകരണ സ്ഥാപനങ്ങൾ/ ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് പരമാവധി 2,00,000/- രൂപ വരെ കടാശ്വാസം അനുവദിക്കുന്ന-തിനായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തു വരുന്നു.**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട്, ഇടുക്കി ജില്ല-കളിലെ കർഷകർ 31.08.2020 വരെയും മറ്റു 12 ജില്ലകളിലെ കർഷകർ 31.03.2016 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. കടാശ്വാസ-ത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന തീയതി 31.12.2023 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ വയനാട്, ഇടുക്കി ജില്ലകൾ ഒഴികെയുള്ള ജില്ലകളിലെ അപേക്ഷകളെല്ലാം വിചാരണ നടത്തി തീർപ്പ് കല്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ